"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

**കായിക യുവജനകാര്യ വകുപ്പ് - ഷൂട്ടിംഗ് താരമായ വിദർശ കെ. വിനോദ് - ന് - ഷൂട്ടിംഗ് പരിശീലനത്തിന് റൈഫിളും മറ്റ് അനുബന്ധ സാധനങ്ങളും വാങ്ങുന്നതിന് - സാമ്പത്തിക സഹായമായി രണ്ടു ലക്ഷം രൂപ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**കായികയുവജനകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.283/2024/S&YA തീയതി,തിരുവനന്തപുരം, 05-12-2024

---

പരാമർശം:-
1. 10.10.2024-ന് വിദർശ കെ. വിനോദ് ബഹു. കായിക വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം.
2. 25.11.2024-ലെ കായിക യുവതജനകാര്യ ഡയറക്ടറുടെ E9-7634/24/DSYA നമ്പർ കത്ത്

**ഉത്തരവ്**

ഷൂട്ടിംഗ് താരമായ വിദർഷ വി വിനോദ് - ന് ഷൂട്ടിംഗ് പരിശീലനത്തിന് റൈഫിളും മറ്റ് അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി പരാമർ ശം ( 1 ) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

സ്പോർട്സ് കൗൺസിൽ റൈഫിൾ അസ്സോസിയേഷനെ അംഗീകരിച്ചിട്ടുണ്ടെന്നും ദേശീയ/അന്തർദേശീയ നിലവാരത്തിലുള്ള കായിക താരങ്ങൾക്ക്, സ്പോർട്സ്/ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങുന്നതിന് 2204-00-104-8 2 കായിക വികസനനിധി ശീർഷകത്തിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കാറുണ്ടെന്നും കായികവകുപ്പ് ഡയറക്ടർ പരാമർ ശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്ന വിദർശ കെ. വിനോദിന് 2028 ഒളിംപിക്സും ഏഷ്യൻ ഗെയിംസും മറ്റ് അന്താരാഷ്ട്ര മത്സരങ്ങളും ലക്ഷ്യമിട്ട് വിപുലമായ പരിശീലനം നടത്തുന്നതിനായി റൈഫിളും മറ്റ് അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനായി സാമ്പത്തിക സാഹയമായി രണ്ടു ലക്ഷം രുപ അനുവദിച്ച് ഉത്തരവാകുന്നു.

ഇത് സംബന്ധിച്ച തുടർ നടപടികൾ കായിക യുവജനകാര്യ ഡയറക്ടർ

സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PRASANTHA V K

ഡെപ്യൂട്ടി സെക്രട്ടറി

വിദർശ കെ .വിനോദ് ,കൊച്ചാലുംകൽ ഹൗസ്,തമ്പാലമണ്ണ,തിരുവമ്പാടി,കോഴിക്കോട് പിൻ 673 603

ഡയറക്ടർ, കായികയുവജനകാര്യാലയം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Rose Mary Presilla
Date: 05-12-2024 17:53:57

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.കായിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കായികയുവജനകാര്യ വകുപ്പ് സെക്രട്ടറിയുടെ പി.എസ്സ്
കായികയുവജനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എസ്സ്